**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4976** **01-11-2021 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരക്കുടി കോളനി നിവാസികളുടെ ഭൂനികുതി അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ നഗരസഭയിലെ മഞ്ഞക്കാട് പ്രദേശത്തെ കാഞ്ഞിരക്കുടി കോളനിയിൽ തലമുറകളായി താമസിക്കുന്ന ഇരുപത്തിയെട്ട് കുടുംബങ്ങളുടെ ഭൂനികുതി അടയ്ക്കാനുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | ഭൂനികുതി ഒടുക്കുന്നതുമായി ബന്ധപ്പെട്ട ഷൊർണ്ണൂർ നഗരസഭാ മഞ്ഞക്കാട് പ്രദേശത്തെ കാഞ്ഞിരക്കുടി കോളനി നിവാസികൾ സമർപ്പിച്ച അപേക്ഷയിലെ സ്ഥലം വനഭൂമിയിൽ ഉൾപ്പെട്ടതാണ്. വനഭൂമി പതിവ് ചട്ടം 93 പ്രകാരമുള്ള നടപടി സ്വീകരിച്ച് പട്ടയം ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടി വരും. |
| (ബി) | ഇവരുടെ പക്കൽ നിന്നും ഏത് വർഷം വരെ ഭൂനികുതി വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഇവരുടെ പക്കൽ നിന്നും 2000-01 സാമ്പത്തിക വർഷം വരെ ഭൂനികുതി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | തുടർന്നും ഭൂനികുതി അടയ്ക്കാൻ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (സി) | നെടുങ്ങോട്ടൂർ ദേശം സർവ്വേ നമ്പർ 37 ൽ ഉൾപ്പെടുന്ന ഭൂമി ബി.ടി.ആർ പ്രകാരം ഫോറസ്റ്റ് ലാൻഡ് ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് സംബന്ധിച്ച് ജന്മിയായ കോഴിശ്ശേരി മനയുമായി സുപ്രീം കോടതിയിൽ കേസ് നിലനിൽക്കുന്നതാണ്. നിലവിൽ ടി ഭൂമി വനം വകുപ്പ് ജണ്ട കെട്ടി അധീനതയിൽ വെച്ചിട്ടുള്ളതിനാലാണ് ഭൂനികുതി അടക്കാൻ അനുവദിക്കാത്തത്. |

സെക്ഷൻ ഓഫീസർ